# എറണാകുളം മിസ്സം

# ERNAKULAM MISSAM


English & Malayalam Monthly

Vol. No. 65 Issue No. 10 October 2022 Rs. 15/-





www.ernakulamarchdiocese.org



വിശുദ്ധ ഫ്രാൻസീസ് അസ്സീസി
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 10 October 2022 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ലോകപ്രേഷിതദിന സന്ദേശം
15. കെ.സി.ബി.സി. - സർക്കുലർ (SC/ST/BC)
17. സർക്കുലർ 08/2022- കേരള സഭാ നവീകരണം
19. കച്ചേരിക്കാര്യം - പുതിയ വൈദികസമിതി 2022-2026
22. Transfers/Appointments
24. നിര്യാതരായി
28. വാർത്തകളും വിശേഷങ്ങളും
29. വിശ്വാസപരിശീലന കേന്ദ്രം
34. ഫാമിലി അപ്പോസ്റ്റലേറ്റ്
35. അതിരൂപതാ ഡയറി
36. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
40. AICO
41. നൈപുണ്യ ഇന്റർനാഷണൽ



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Ref: 3790/K-5/KCBC/OL/DS 06-09-2022

## 2022 ലോകപ്രേഷിതദിന സന്ദേശം
### "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8)

പ്രിയ സഹോദരീസഹോദരന്മാരേ,

"എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും." ഉയിർത്തെഴുന്നേറ്റ യേശു തന്റെ സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കുന്നു. (അപ്പ 1:8). ഇതുതന്നെയാണ് 2022-ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ ജനതകളുടെ സുവിശേഷവൽക്കരണത്തിനുള്ള തിരുസംഘം എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേയ് (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചതിന്റെ നാനൂറാം വർഷം; (ii) വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷം മുമ്പ് ഇപ്പറഞ്ഞ വിശ്വാസപ്രചാരണത്തിനായുള്ള സംഘവും അതിനോടൊപ്പം 'തിരുബാലസഖ്യവും' (Society of the Holy Childhood) 'വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘവും' (Society of Saint Peter the Apostle) "പൊന്തിഫിക്കൽ" എന്ന സ്ഥാനം നേടുകയുണ്ടായി.

മേൽപറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായിനിൽക്കുന്ന മൂന്നു താക്കോൽ വാക്യങ്ങളെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും", "ഭൂമിയുടെ അതിർത്തികൾ വരെ", പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും" എന്നീ ശകലങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

1. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" - ക്രിസ്തുവിനു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ശിഷ്യർ യേശുവിനു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21 കാണുക) യേശുവായിരുന്നു ആദ്യം അയക്കപ്പെട്ടത്; യേശുവാണ് പിതാവിന്റെ "വിശ്വസ്തസാക്ഷി" (വെളി 1:5 കാണുക). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകംമുഴുവനും സുവിശേഷം എത്തിച്ചുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതിലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേഷപ്രഘോഷണം എന്നതാണ്.

"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്ന വചനത്തിന്റെ അൽപം ആഴത്തിലുള്ള വിചിന്തനം ക്രിസ്തുവിന്റെ അനുയായികൾക്ക് ഏല്പിച്ചുകൊടുത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അംശങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കും. ഇതിലെ ബഹുവചനരൂപത്തിലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദേശത്താലും, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അത് സഭാസമൂഹവുമായുള്ള കൂട്ടയ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയുടെ സ്വന്തം താത്പര്യത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് ചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അത് ഭരമേല്പിച്ചത്. എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായ "സുവിശേഷപ്രഘോഷണം" (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: "സുവിശേഷ പ്രഘോഷണം എന്നത് വ്യക്തിപരവും ഒറ്റപ്പെട്ടതുമായ ഒരു പ്രവൃത്തിയല്ല; അത്

അതീവ സഭാത്മകമാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷ പ്രഘോഷകൻ, അത് ഒരു ഉപദേശിയോ അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേശത്ത് സുവിശേഷം പ്രഘോഷിക്കുമ്പോൾ, അങ്ങനെ തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാണെങ്കിലും, ഒരു സഭാത്മക പ്രവൃത്തിയാണ് ചെയ്യുന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസംബന്ധമായ ബന്ധത്താൽ സഭമുഴുവന്റെയും സുവിശേഷപ്രഘോഷണ പ്രക്രിയയുമായി നിശ്ചയമായും ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ ക്രമംവഴിയായി അദൃശ്യമാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്" (ഖ. 60). കർത്താവായ യേശു രണ്ടുപേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിതമായിട്ടായിരുന്നില്ല; ക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിതദൗത്യം നിർവഹിക്കുന്നതിൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും ചെറുതായാലും, അടിസ്ഥാന പ്രാധാന്യം അർഹിക്കുന്നതാണ്.

അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിത ദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. യേശു അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. പൗലോസ് അപ്പോസ്തലന്റെ ഹൃദയസ്പർശിയായ വാക്കുകളിൽ, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടത്തെ മരണം ഞങ്ങൾ എല്ലായ്പോഴും ശരീരത്തിൽ സംവഹിക്കുന്നു" (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്ത:സത്ത ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതാണ്. അതായത്, പിതാവിനോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടത്തെ പീഡാനുഭവത്തിനും, മരണത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം.

തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21 കാണുക) അപ്പോസ്തലന്മാർ നിർബന്ധിച്ചത് അവിചാരിതമായി

ട്ടായിരുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാണ് നാം സാക്ഷ്യം നല്കേണ്ടത്; അവിടത്തെ ജീവനിലാണ് നാം പങ്കുചേരേണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണനിർവഹണകഴിവുകളും പ്രദർശിപ്പിക്കാനോ അല്ല ക്രിസ്തുവിന്റെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പോസ്തലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവരോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുക എന്നത്.

ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നു പറയുന്നത് "രക്തസാക്ഷിത്വമാണ്." അതായത്, ക്രിസ്തുവിനുവേണ്ടി അവന്റെയോ അവളുടെയോ ജീവൻ നല്കുക എന്നത്; അവിടന്ന് സ്വന്തംജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുക എന്നത്. "യേശുവിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമ കാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു" (സുവിശേഷത്തിന്റെ സന്തോഷം, ഖ. 264).

ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധ പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായി നില്ക്കുന്നു: ‘‘ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായിതിനാലാണ്' (സുവിശേഷപ്രഘോഷണം, ഖ. 41). അക്കാരണത്താൽ ആധികാരികതയുള്ള ഒരു ക്രിസ്തീയ ജീവിത സാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുക എന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. പോൾ ആറാമൻ തുടർന്നു പറയുന്നു: "പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അത് ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, 'വിശ്വാസം കേൾക്കപ്പെടുന്നതിലൂടെയാണ്' (റോമ 10:17) വരുന്നതെന്ന് വിശുദ്ധ പൗലോസിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്'' (സുവിശേഷ പ്രഘോഷണം, ഖ. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയ ജീവിതമാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യഘടകങ്ങളാണ്. ഒന്ന് മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിത ഭാവമുള്ളതായിരിക്കുന്ന ഒരു സമൂഹം ഈ രണ്ടു ശ്വാസകോശങ്ങളിലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി ക്രിസ്തുവിനു നൽകുന്ന പൂർണവും പൊരുത്തമുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിതത്തിന്റെ എല്ലാ തുറകളിലും - വാക്കിലും പ്രവൃത്തിയിലും - ക്രിസ്തുവിനു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമ ക്രൈസ്തവരുടെ സ്ഥൈര്യവും തുറവും ധൈര്യവും (*parrhesia*) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

2. "ഭൂമിയുടെ അതിർത്തിയോളം"- സാർവത്രിക സുവിശേഷവൽകരണ ദൗത്യത്തിന്റെ ശാശ്വത പ്രസക്തി "ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും" (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി അയക്കപ്പെടുന്നു എന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യരോട് പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവ്വത്രിക ഭാവമാണ് നാം ഇവിടെ വ്യക്തമായി കാണുന്നത്. "കേന്ദ്രപരാങ്മുഖമായ" (centrifugal) ഒരു ഭൂമിശാസ്ത്രപര വികാസവും നാം കാണുന്നു; ഏകകേന്ദ്രഭാവമുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്രമെന്നു കരുതിയിരുന്ന ജറുസലേമിൽതുടങ്ങി, ചുറ്റുമുള്ള യൂദയായിലേക്ക് നീങ്ങി, തുടർന്നു സമരിയായിലേക്കും അങ്ങനെ "ഭൂമിയുടെ അതിർത്തിയോളം." സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത പ്രഘോഷിക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവികാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയന്ത്രിക്കപ്പെട്ട്, കർത്താവായ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്ന തന്റെ വിളിയോട് വിശ്വസ്തതപുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭയുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്കപ്പെട്ടതിനാൽ യുദയാ മുഴുവനിലും സമരിയയിലും ചിതറിക്കപ്പെട്ട ആദിമ ക്രൈസ്തവർ എല്ലായിടത്തും യേശുവിന് സാക്ഷ്യം നല്കി (അപ്പ 8: 1, 4 കാണുക).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മതപീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ ഞങ്ങളുടെ സ്വന്തംനാടുകളിൽനിന്നു അന്യരാജ്യങ്ങളിലേക്കു പലായനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയംഅടയ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന ഈ സഹോദരീസഹോദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, "തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം" ഏറ്റെടുക്കാൻ വിശുദ്ധ പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി (സുവിശേഷപ്രഘോഷണം ഖ. 21). വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവും ആക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിതപ്രവർത്തനമായി വിലമതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശ വിശ്വാസികളെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

"ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം എക്കാലത്തുമുള്ള യേശുശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിടത്തേക്കു സാക്ഷ്യം നല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിത സാക്ഷ്യം നടന്നിട്ടില്ല എന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിത ദൗത്യത്തിന്റെ ഭാഗമല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷീക സാഹചര്യങ്ങളിലേക്കും ഇനിയും "ഇറങ്ങിച്ചെല്ലുന്നത്" തുടരും. അത് എല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയുംകുറിച്ചുള്ള സാക്ഷ്യം നല്കാനാണ്. ഈ അർത്ഥത്തിൽ,

രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ പ്രേഷിതദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (*missio ad gentes*). ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചു കൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരിസഹോദരന്മാർക്കുംമുമ്പിൽ ക്രിസ്തുസ്നേഹം അവതരിപ്പിക്കാനായി മുന്നോട്ട് ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെ പ്രതി കൃതജ്ഞത അർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

3. പരിശുദ്ധാത്മാവിൽനിന്ന്, “നിങ്ങൾക്കു ശക്തി ലഭിക്കും.” – നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യരെ തന്റെ സാക്ഷികളായി നിയോഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരവും അവർക്കു വാഗ്ദാനം ചെയ്തു: “പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെ മേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായിരിക്കും” (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നതിനുശേഷം തന്നെയാണ് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേം നിവാസികളുടെ മുമ്പിൽ വിശുദ്ധ പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിതപ്രസംഗം, അഥവാ സുവിശേഷസന്ദേശപ്രോഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയും മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യംനല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

“‘യേശു കർത്താവാണ്’ എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു” (1 കൊറി 12:3) പോലെ, പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായം കൂടാതെ ക്രിസ്തുവിനു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ട

തുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നില്ക്കുകയും അവിടത്തെ നിരന്തര ശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയ കുഴപ്പത്തിലായവരും ആകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥന യ്ക്ക് അടിസ്ഥാനപരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നി പ്പറയട്ടെ. കാരണം, അത് നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബല പ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃത ചൈതന്യ ത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവിക സ്രോത സ്സാണ് പരിശുദ്ധാത്മാവ്. "ആത്മാവിന്റെ സന്തോഷം സ്വീകരിക്കുക എന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ക്കുള്ള സന്ദേശം, മേയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിത പ്രവർത്തനത്തിലെ മുഖ്യകഥാപാത്രം. ആത്മാവാണ് ശരിയായ രീതിയിൽ, ശരിയായ സമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറി വാർഷികങ്ങളെകുറിച്ച് പര്യാലോചി ക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റണ്ട തിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ "ദെ പ്രൊപ്പ ഗാന്ത ഫീദേയ്" (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘ ദൃഷ്ടി ആയിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണദൗത്യം നിറവേറ്റുന്നതിൽ അത് നിർണായകമായി ഭവിച്ചു; ഇന്ന് വളരെയേറെ ഓജസ്സ് പ്രകാശി പ്പിക്കുന്ന പ്രാദേശിക സഭകൾ സ്ഥാപിക്കപ്പെടാൻ അത് കാരണമായി. കഴിഞ്ഞ നാല് നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടി പ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ്തന്നെയാണ് സാധാര ണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിത ദൗത്യത്തിനായി

പ്രേചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് "വിശ്വാസപ്രചാരണ ത്തിനായുള്ള സംഘം" (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് "ഭൂമിയുടെ അതിർത്തിയോളമുള്ള" പ്രേഷിത പ്രവർ ത്തനത്തിൽ സജീവമായി പങ്കുചേരാൻതക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘ ടനയും സ്ഥാപിക്കാനുള്ള ദൈവിക പ്രചോദനം അവൾക്കു ലഭിച്ചു. അവളുടെ ഈ അത്യുജ്ജല ആശയമാണ് എല്ലാവർഷവും ലോക പ്രേഷിതദിനം ആചരിക്കാൻ ഇടയാക്കിയത്; അതുവഴിയായി പ്രാദേ ശിക സമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രിക സഭയുടെ മൂലധനത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കാനായി പാപ്പാ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ-യാൻസൺ എന്ന ഫ്രഞ്ച് മെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം "തിരു ബാലസഖ്യം" (Association of the Holy Childhood) സ്ഥാപിക്കുകയുണ്ടായി. അതിന്റെ അപ്തവാക്യം ഇപ്രകാരമാണ്: "കുട്ടികൾ കുട്ടികളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥി ക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു." മിഷൻ പ്രദേശങ്ങളിലുള്ള വൈദികവിദ്യാർത്ഥികളെയും വൈദി കരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ "വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘം" (Society of Saint Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻ സംഘങ്ങളും "പൊന്തിഫിക്കൽ" ആയി നൂറുവർഷംമുമ്പ് ഉയർത്ത പ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പ് ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ "പൊന്തിഫിക്കൽ മിഷൻ യൂണിയൻ" (Pontifical Mission Union) സ്ഥാ പിച്ചത്; അത് വൈദികരുടെയും സന്യാസിനീസന്യാസികളുടെയും ദൈവജനം മുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈത ന്യവും ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. വിശുദ്ധ പോൾ ആറാമൻ തന്നെയും ഈ സംഘത്തിന്റെ അംഗമായിരുന്നു; അദ്ദേഹം അതിനു

പേപ്പൽ അംഗീകാരം ഉറപ്പുവരുത്തുകയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻ സംഘങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗണിച്ചാണ്. അവർ സാർവത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കരണദൗത്യത്തിനു ഉപകരിക്കുന്ന രീതിയിൽ ചെയ്തുവരുന്ന പ്രവൃത്തികളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദിക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിതയായ ഒരു സഭയെയും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രേഷിതപ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: “കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!” (സംഖ്യ 11:29). ജ്ഞാനസ്നാനംവഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തിർന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താവിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6–ാം തിയതി, കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Ref: 3786/K-5/KCBC/OL/DS 23.09.2022

# കെ.സി.ബി.സി. എസ്.സി./എസ്.ടി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമ്മാരെ, ബഹുമാനപ്പെട്ട വൈദികരെ, ക്രിസ്തുവിൽ പ്രിയ സഹോദരി സഹോദരന്മാരെ,

വളരെ സുപ്രധാനമായ ഒരു സന്ദേശം നിങ്ങളെ അറിയിക്കുവാനാണ് ഇത് എഴുതുന്നത്. മതേതരത്വം മുഖമുദ്രയായി ഭരണം നടക്കുന്ന നമ്മുടെ ഭാരതത്തിൽ ക്രൈസ്തവ മതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ ജന്മ അവകാശം നിഷേധിക്കപ്പെട്ട ജനസമൂഹമാണ് പട്ടികജാതിയിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ച ദലിത് ക്രൈസ്തവർ.

സ്വതന്ത്ര ഭാരതത്തിൽ ഭരണഘടന നിലവിൽ വന്നപ്പോൾ നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടു പോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന് വകുപ്പ് ചേർക്കുകയും 1950 ഓഗസ്റ്റ് പത്താം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഉത്തരവ് ഇറക്കുകയും ഹിന്ദു മതവിശ്വാസികൾക്ക് മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തുകയും ചെയ്തു. 1956 സിക്കു മതവിശ്വാസികളെയും 1990 ബുദ്ധമത വിശ്വാസികളായ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ ഇക്കാലമത്രയും ക്രൈസ്തവമതത്തിൽ വിശ്വസിക്കുന്ന ദലിതരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ഈ ജനസമൂഹം നിരന്തരമായ സമരത്തിന്റെയും നിവേദനങ്ങളുടെയും ഫലമായി ദേശീയതലത്തിലും സംസ്ഥാന തലത്തിലും കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

ട്രിച്ചി സ്വദേശിയായ അഡ്വക്കേറ്റ് ഫ്രാങ്ക്ലിൻ സീസർ 2004 സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 ആഗസ്റ്റ് പത്താം തീയതി ഇറക്കിയ ഉത്തരവിലേ മൂന്നാം ഖണ്ഡിക റദ്ദ് ചെയ്ത ദലീത് ക്രൈസ്ത

വർക്കും പട്ടികജാതി സംവരണം നൽകണം എന്നാവശ്യപ്പെട്ടു കൊണ്ടാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവെച്ചു എങ്കിലും 2022 ഒക്ടോബർ പതിനൊന്നാം തീയതി സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് വരികയാണ്. പ്രസ്തുത കേസ് വിജയിക്കാനും നമ്മുടെ സഹോദരി സഹോദരന്മാർക്ക് പട്ടികജാതി സംവരണം ലഭിക്കുവാനും 2022 ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പ്രാർത്ഥന ദിനമായി ആചരിക്കുകയാണ്. അന്നേദിവസം എല്ലാവരും ചേർന്ന് പ്രത്യേകം പ്രാർത്ഥന നടത്തുകയും കേസിൽ നമുക്ക് വേണ്ടി വാദിക്കുന്ന വക്കീലന്മാരെയും വാദം കേൾക്കുന്ന ജഡ്ജിമാരെയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം

ഈശോയിൽ സ്നേഹപൂർവ്വം,

ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ
വൈസ് ചെയർമാൻ

ബിഷപ്പ് യൂഹാനോൻ മാർ തേയഡോഷ്യസ്
വൈസ് ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

NB: ഈ സർക്കുലർ 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**സർക്കുലർ: 08/2022**

# കേരള സഭാനവീകരണം

**(2022 - 2025)**

ഈശോമിശിഹായിൽ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സഭയിൽ ഒരു ആത്മീയ വസന്തം ലക്ഷ്യമാക്കി 2022 മുതൽ 2025 വരെയുള്ള കാലഘട്ടം നവീകരണകാലമായി കേരളസഭ ആചരിക്കുകയാണ്. സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ 2022 സെപ്റ്റംബർ 9-ാം തീയതിയാണ് കേരള സഭാനവീകരണവർഷ പ്രാർത്ഥനാദിനങ്ങൾ ആരംഭിച്ചത്. 2022 ആഗസ്റ്റ് മാസം കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിച്ച സർക്കുലറിന്റെ ആഹ്വാനമനുസരിച്ച് സഭാപരമായ നവീകരണത്തിനുവേണ്ടി അതിരൂപതയെന്ന നിലയിൽ നമുക്കും ഏതാനും കാര്യങ്ങൾ ചെയ്യാനാകും.

കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഓരോ രൂപതയ്ക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനായി ഓരോ ദിനം നിശ്ചയിച്ചിട്ടുണ്ട്. കേരള സഭ മുഴുവൻ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നത് **സെപ്റ്റംബർ 14-ാം തീയതി ബുധനാഴ്ച**യാണ്. അന്നേദിവസം അതിരൂപതയിലെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും, സന്യാസ ഭവനങ്ങളിലും ഏകദിന ആരാധന നടത്തി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. കേരളസഭയിലെ മറ്റെല്ലാ രൂപതകൾക്കുവേണ്ടിയും നമ്മൾ പ്രാർത്ഥിക്കണം. വിശുദ്ധ കുർബാനയിലും ഒക്ടോബർ മാസത്തിലെ ആഘോഷമായ ജപമാല പ്രാർത്ഥനകളിലും ഉചിതമായ കറോസൂസകൾ ഉൾക്കൊള്ളിച്ച് ഈ ദിനങ്ങളിൽ പ്രാർത്ഥിക്കുമല്ലോ.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി 2022 സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള 40 ദിവസങ്ങൾ പ്രാർത്ഥനാ ദിനങ്ങളാണ്. ഈ ദിവസങ്ങളിൽ കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം, മാർപാപ്പയുടെ നിയോഗങ്ങൾക്കായുള്ള പ്രാർത്ഥന തുടങ്ങിയവ നിർവ്വഹിക്കുന്ന ക്രൈസ്തവ വിശ്വാസികൾക്ക് പൂർണ്ണദണ്ഡവിമോചനം ലഭിക്കുമെന്ന് റോമിലെ അപ്പസ്തോലിക് പെനിറ്റൻഷ്യറി അറിയിച്ചിട്ടുണ്ട്.

നവീകരണ സംരംഭങ്ങളിൽ പങ്കുചേർന്ന് ആത്മീയതയുടെ സുഗന്ധം പരത്തുവാൻ എല്ലാ ഇടവകകൾക്കും, സന്യാസഭവനങ്ങൾക്കും, കുടുംബങ്ങൾക്കും, വ്യക്തികൾക്കും കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ അത്ഭുതാവഹമായ ആത്മീയമുന്നേറ്റങ്ങൾക്ക് വഴിയൊരുക്കും. ക്രിസ്തുവിൽ ഏകശരീരമായ (റോമ 12.5) നമുക്ക് ആത്മാവിൽ ജ്വലിക്കുന്നവരായി ശുശ്രൂഷ ചെയ്യുവാനും (റോമ 12.11), പുതിയ സൃഷ്ടിയാകാനും (ഗലാ 6.15) ദൈവം ഇടവരുത്തട്ടെ. ഈശോയുടെ തിരുഹൃദയത്തിന്റെ കൃപാവരം നമ്മെ അതിന് പ്രാപ്തരാക്കട്ടെയെന്ന് പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

*NB: വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ അനന്തരഫലമായി അതിജീവനത്തിനും ഉപജീവന സംരക്ഷണത്തിനുമായി തീരദേശസമൂഹം നടത്തുന്ന പോരാട്ടത്തിൽ നമ്മുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ അതിരൂപതാംഗങ്ങൾ വിഴിഞ്ഞത്ത് പോയി ഐക്യദാർഢ്യം പ്രകടിപ്പിച്ചത് നന്ദിപൂർവ്വം ഞാൻ ഓർക്കുന്നു. ഇക്കാര്യത്തിൽ സാധ്യമാകുന്ന വിധത്തിലുള്ള സഹകരണം നമ്മുടെ അതിരൂപതാംഗങ്ങളുടെ ഭാഗത്തുനിന്നും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.*

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

(2022 സെപ്റ്റംബർ 11-ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി അയച്ചത്.)

കച്ചേരിക്കാര്യം

Prot. No: **ES/05/22** 27-09-2022

## PRESBYTERAL COUNCIL 2022 - 2026
## ARCHEPARCHY OF ERNAKULAM-ANGAMALY

The New Presbyteral Council of the Archeparchy of Ernakulam-Angamaly is hereby constituted by the Apostolic Administrator with the elected, ex-officio and nominated members given hereunder.

The first meeting of the Presbyteral Council is scheduled for Thursday 29th September 2022 at 10.00 am at Major Archbishop's House, Ernakulam. The main agenda of the meeting include (1) election of the Secretary of the Presbyteral Council, Agenda Committee and other Committees, and (2) other matters, if any, with the permission of the President.

President: **Archbishop Andrews Thazhath, Apostolic Administrator**

**FORANE-WISE ELECTED MEMBERS**

1. Fr. Jacob Puthussery (Angamaly)
2. Fr. Benny Maramparambil (Cherthala)
3. Fr. Jacob Koroth (Edappally)
4. Fr. Varghese Manickath (Ernakulam)
5. Fr. Joy Ainiyadan (Kanjoor)
6. Fr. Joseph Parecattil (Karukutty)
7. Fr. Peter Koikkara (Kizhakkambalam)
8. Fr. Saju Koren (Koratty)
9. Fr. Paul Chittinappilly (Manjapra)
10. Msgr. Varghese Njaliath (Mookkannoor)
11. Fr. Joy Kannampuzha (Moozhikkulam)
12. Fr. Joseph (Babu) Kalathil (Pallippuram)
13. Fr. Paul Kaithottungal (Paravur)
14. Fr. Joyce Kaithakkottil (Thrippunithura)
15. Fr. Lukose Kunnathoor (Vaikom)
16. Fr. Varghese Cheraparambil (Vallam)

## BATCH/GROUP WISE ELECTED MEMBERS

### Group I: Up to 1981

17. Fr. Jose Edassery
18. Fr. Sebastian Thalian
19. Fr. Paul Thelakat
20. Fr. Sebastian Vazhappilly

### Group II: 1981-82 - 1986-87

21. Fr. Jose Vailikodath

### Group III: 1987-88 – 1991-92

22. Fr. Kuriakose Mundadan
23. Fr. Francis Arickal

### Group IV: 1992-93 – 1996-97

24. Fr. Joseph Kannaparamban
25. Fr. Hormis Marottikudy

### Group V: 1997-98 – 2001-02

26. Fr. Varghese Perumayan
27. Fr. Alex Kareemadom

### Group VI: 2002-03 – 2006-07

28. Fr. Sunny Kalappurackal
29. Fr. Rajan Punnakkal

### Group VII: 2007-08 – 2011-12

30 Fr. Savy Padickaparambil
31. Fr. Jophy Thottankara

### Group VIII: 2012-13 – 2016-17

32. Fr. Alex Mekkanthuruthil

### Group IX: 2017-18 – 2021-22

33. Fr. Thelekat George
34. Fr. Thekkinedath Petson

### Group X: Religious Superiors

35. Fr. Benny Nalkara CMI
36. Fr. Francis Chittinappilly CST

## Group XI: Religious Priests Appointed in the Parishes

37. Fr. Vipin Kurisuthara CMI

## EX-OFFICIO MEMBERS

38. Msgr. Varghese Pottackal (Proto Syncellus)
39. Msgr. Antony Perumayan (Syncellus)
40. Fr. James Pereppadan (Judicial Vicar)
41. Fr. Martin Kallungal (Chancellor)
42. Fr. Paul Madassery (Jr.) (Procurator)
43. Fr. Varghese Poothavelithara (Rector, Minor Seminary)
44. Fr. Peter Kannampuzha (Director, Department of Catechism)

## NOMINATED MEMBERS

45. Fr. Hormis Mynatty
46. Fr. Jose Puthiyedath
47. Msgr. Antony Nariculam
48. Fr. Varghese Manavalan
49. Fr. Jacob Chanikuzhy
50. Fr. Paul Moonjely
51. Fr. Jacob Palackapilly
52. Fr. Joseph Koluthuvellil
53. Fr. Joshy Kalapparambath
54. Fr. Sebastian Manickathan
55. Fr. Berchmans Kodakkal
56. Fr. Thomas Nariculam
57. Fr. Sebastian Urakkadan
58. Fr. Antony Vazhakkala
59. Fr. Thomas (Jimmy) Poochakkatt
60. Fr. Augustine Kallely

Sd/-
**Archbishop Andrews Thazhath**
Apostolic Administrator, Archeparchy of Ernakulam-Angamaly

Sd/-
Fr. Martin Kallungal
Chancellor

# പുതിയ വൈദികസമിതി

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച്ബിഷപ് ആൻഡ്രൂസ് താഴത്ത് പിതാവ് രൂപീകരിച്ച പുതിയ വൈദികസമിതിയുടെ ആദ്യയോഗം 2022 സെപ്റ്റംബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടന്നു. 53 അംഗങ്ങൾ ആദ്യയോഗത്തിൽ പങ്കെടുത്തു. വൈദികസമിതി സെക്രട്ടറിയായി റവ. ഡോ. കുര്യാക്കോസ് മുണ്ടാടൻ തെരഞ്ഞെടുക്കപ്പെട്ടു. റവ. ഡോ. ബെന്നി മാരാംപറമ്പിൽ, റവ. ഡോ. വർഗീസ് പെരുമായൻ, റവ. ഡോ. പോൾ ചിറ്റിനപ്പിള്ളി എന്നിവരെ അജണ്ട കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു. പ്രസിഡന്റ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി, സെക്രട്ടറി എന്നിവരടക്കം അഞ്ചുപേരടങ്ങുന്നതാണ് അജണ്ട കമ്മിറ്റി.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

---

# Transfers/Appointments

**15-10-2022**

## October 2022

Rev. Fathers

| | |
|---|---|
| Ainiyadan Joy | Relieved - Spiritual Director, Society of St. Vincent De Paul (SSVP) |
| Chalissery Anto | Prasannapuram + CLC - Archdiocesan Promoter (Addl.) |
| Chenginiyadan Varghese (Jijo) | Rome (Study) |
| Kallarackal Joseph (Joy) | Vazhakulam South |
| Kiliyelikkudy Paul (Anil) (Jr.) | Lisieu Nagar |
| Kodiyan Joseph | Residence - Santhome Bhavan, Pothy |

| | |
|---|---|
| Koikkara Peter (Shabu) | Kacheripady |
| Kottakkal Antony (Tony) | Anti Alcaholic Movement, Director (Addl.) |
| Madavana Davis | Kalady |
| Mampilly Varghese (Sabu) | Udayamperoor New |
| Mangalassery Thomas | Kavaraparambu |
| Meledath Paul (Jaison) | Medical Leave - (Resi. Vazhakkala) |
| Nariculam Thomas | Naduvattom |
| Padayattil George (Varkey) | Antopuram |
| Padayattil Paul (Sr.) | Vimalagiri |
| Parecattil Paul (Sifil) | Austria (Study) |
| Pereppadan Paulson | Relieved - CLC - Archdiocesan Promoter (Addl.) |
| Perumayan Thomas (Joy) | Society of St. Vincent De Paul (SSVP), Spiritual Director (Addl.) |
| Perumayan Varghese (Biju) | Poonithura |
| Puthuva John | Australia (Pastoral Ministry) |
| Pynadath Thomas | Relieved - Prasannapuram- Priest-in-charge |
| Thekkinezhath Varghese (Renson) | Ireland (Pastoral Ministry) |
| Thottankara Jophy | Naipunnya International, Asst. Director (Addl.) |
| Thuruthikkara Gregorious (Jiju) | Pandupara |
| Vallooran Johnson | Illithode |

**Chancellor**



# നിര്യാതരായി



## ഫാ. ജോസഫ് നങ്ങേലിമാലിൽ

**ജനനം: 14-06-1941**
**തിരുപ്പട്ടം: 20-12-1969**
**മരണം: 14-09-2022**

ബഹുമാനപ്പെട്ട ജോസഫ് നങ്ങേലിമാലിൽ അച്ചൻ 1941 ജൂൺ 14-ാം തീയതി പുല്ലുവഴി സെന്റ് തോമസ് ഇടവകയിലെ നങ്ങേലിമാലിൽ ഔസേഫ്-റോസ ദമ്പതികളുടെ ഏഴ് മക്കളിൽ രണ്ടാമനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന്, കോട്ടയം വടവാതൂർ സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1969 ഡിസംബർ 20-ാം തീയതി കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. അതിരൂപതയിലെ തൃപ്പൂണിത്തുറ, ഞാറയ്ക്കൽ എന്നീ പള്ളികളിൽ അസിസ്തേന്തിയായും, ലിസ്യൂനഗർ, നെടുമ്പ്രക്കാട്, തുണ്ടത്തുംകടവ്, വരാപ്പുഴ, ചൊവ്വര, തുരുത്തിപ്പുറം, മേക്കാട്, കാലടി, മൂക്കന്നൂർ, കറുകുറ്റി, തിരുമുടിക്കുന്ന്, കച്ചേരിപ്പടി, ആയത്തുപടി, കുറുമശ്ശേരി എന്നീ ഇടവകകളിൽ വികാരിയായും, ചെങ്ങൽ പ്രീസ്റ്റ്സ് ഹോമിന്റെ ഡയറക്ടറായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

വിവിധ ഇടവകകളിലേയും സ്ഥാപനങ്ങളിലേയും അജപാലനശുശ്രൂഷകൾക്കുശേഷം വിശ്രമജീവിതം നയിക്കുകയായിരുന്ന ജോസഫ് അച്ചൻ വാർദ്ധക്യസഹജമായ രോഗങ്ങളാൽ അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ ചികിത്സയിലിരിക്കെ, തന്റെ 82-ാം വയസ്സിൽ, 2022 സെപ്റ്റംബർ 14-ാം തീയതി, ബുധനാഴ്ച രാവിലെ ഈ ലോകത്തിൽ നിന്നും വിടപറഞ്ഞു. ബഹുമാനപ്പെട്ട ജോസഫ് നങ്ങേലിമാലിൽ അച്ചന്റെ മൃതദേഹം വ്യാഴാഴ്ച (15/09/2022) ഉച്ചയ്ക്ക് 2.00 മണി മുതൽ വെള്ളിയാഴ്ച (16/09/2022) രാവിലെ 11.00 മണി വരെ പുല്ലുവഴി ഇടവകയിലെ സ്വവസതിയിലും, 1.00 മണി മുതൽ പുല്ലുവഴി സെന്റ് തോമസ് ദേവാലയത്തിലും പൊതുദർശനത്തിനു വച്ചു. ഉച്ചകഴിഞ്ഞ് 2.30-ന്

പുല്ലുവഴി സെന്റ് തോമസ് ദേവാലയത്തിൽ വിശുദ്ധ കുർബാനയോടുകൂടി ബഹു. ജോസഫ് അച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു.

അച്ചന്റെ സഹോദരപുത്രനായ ബഹു. റോജൻ നങ്ങേലിമാലിൽ അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത്. കുടുംബാംഗങ്ങളായ ബ. ജേക്കബ് നങ്ങേലിമാലിൽ, ബ. തോമസ് നങ്ങേലിമാലിൽ, ബ. ആന്റണി നങ്ങേലിമാലിൽ, ബ. അഗസ്റ്റിൻ പൂണേലിൽ ഒ.സി.ഡി. എന്നീ വൈദികരും, അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. വർഗീസ് പൊട്ടയ്ക്കൽ, വല്ലം ഫൊറോനാ പള്ളി വികാരി പെരിയ ബഹു. പോൾ മാടശ്ശേരി, ബാച്ചുകാരായ ബ. മാത്യു പെരുമായൻ, ബ. പോൾ കല്ലൂക്കാരൻ എന്നീ വൈദികരുമാണ് മദ്ബഹയിൽ സഹകാർമ്മികരായത്.

പെരിയ ബഹു. വർഗീസ് പൊട്ടയ്ക്കൽ അച്ചൻ ആമുഖ സന്ദേശം നൽകി. ജോസഫ് നങ്ങേലിമാലിൽ അച്ചന്റെ പിതൃസഹോദരപുത്രൻ ബഹു. ജേക്കബ് നങ്ങേലിമാലിൽ അച്ചനാണ് സുവിശേഷഗ്രന്ഥം മുത്തിച്ചത്. ബാച്ചുകാരനായ ബഹു. പോൾ കല്ലൂക്കാരൻ അച്ചനാണ് വിശുദ്ധ കുർബാന മദ്ധ്യേയുള്ള തിരുവചന സന്ദേശം നൽകിയത് "തന്റെ ശുശ്രൂഷയുടെ കാലങ്ങൾ പൂർത്തിയായപ്പോൾ അവൻ സ്വഭവനത്തിലേക്കു പോയി" എന്ന വചനം ഉദ്ധരിച്ചുകൊണ്ടാണ് ബഹു. കല്ലൂക്കാരനച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്.

ബഹു. ജോസഫ് നങ്ങേലിമാലിൽ അച്ചൻ 53 വർഷത്തോളം ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റി അനേകരെ വിശുദ്ധീകരിച്ച്, പഠിപ്പിച്ച്, നയിച്ചുകൊണ്ട് കടന്നുപോകുകയാണ്. വളരെ ശാന്തനും സൗമ്യനുമായിരുന്ന ജോസഫച്ചൻ മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു ചെയ്യാൻ എന്നും ഉത്സുകനായിരുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹ കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിൽ പറയുന്ന കാര്യം ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. "ആര് ബലഹീനൻ ആകുമ്പോഴാണ് ഞാൻ ബലഹീനനാകാതിരിക്കുന്നത്. ആര് തെറ്റ് ചെയ്യുമ്പോഴാണ് എന്റെ ഹൃദയം കത്തിയെരിയാത്തത്" (2 കോറി. 11.29). മറ്റുള്ളവരുടെ പോരായ്മകളും ബലഹീനതകളും

അപമാനങ്ങളും ആവശ്യങ്ങളും പരാജയങ്ങളും സ്വന്തമായി കരുതുന്ന ഒരു രീതി സംസ്കാരസമ്പന്നനായ ഒരു മനുഷ്യന്റെ രീതിയാണത്.

ജോസഫച്ചൻ സേവനം ചെയ്ത പള്ളികളിലെല്ലാം വിജയപ്രദമായ രീതിയിൽ പൗരോഹിത്യശുശ്രൂഷ അച്ചൻ പൂർത്തിയാക്കി. ചാൾസ് ഡിക്കൻസിന്റെ *ഡേവിഡ് കോപ്പർഫീൽഡ്* എന്ന നോവലിൽ ഒരു മിച്ചു കഴിയുന്ന രണ്ടു സുഹൃത്തുക്കളെപറ്റി പറയുന്നുണ്ട്. ഒരിക്കൽ ഒരു സ്നേഹിതന് ദൂരദേശത്തേയ്ക്കു കപ്പൽ കയറി പോകേണ്ടതായി വന്നു. അവർ ഇനി കണ്ടുമുട്ടുമോ എന്നറിയില്ല. പോകുന്ന സമയത്ത് അവൻ തന്റെ സുഹൃത്തിനോട് പറയുകയാണ്, "Think of me at my best". നമ്മൾ ഇണങ്ങിയും പിണങ്ങിയും ഒക്കെ ജീവിച്ചു. എന്റെ ജീവിതത്തിൽ ഒരു പാട് കുറവുകളും പോരായ്മകളും ഉണ്ടായിട്ടുണ്ട്. നീ ഓർക്കേണ്ടത് നമ്മൾ തമ്മിലുള്ള ബന്ധത്തിലെ നല്ലതു മാത്രമാണ്. മറ്റുള്ളവരോടുള്ള സമീപനത്തിൽ ബഹു. ജോസഫച്ചൻ സ്വീകരിച്ച ശൈലി ഇതായിരുന്നു.

ആടുകളുടെ മണമുള്ള ഇടയനായിരുന്നു ജോസഫ് അച്ചൻ. ദൈവത്തിന്റെ സ്വരത്തിനും, ദൈവേഷ്ടത്തിനും കാതോർത്താണ് ജോസഫച്ചൻ തന്റെ ഇടയധർമ്മം നിർവഹിച്ചത്. ഇടവകയിലെ ജനങ്ങൾ പല ആവശ്യങ്ങളുമായി സമീപിക്കുമ്പോൾ ആർക്കും പ്രയാസം വരാത്ത രീതിയിൽ അവരോട് പെരുമാറുക എന്നത് ഒരു വലിയ കലയാണ്. അച്ചൻ അങ്ങനെയായിരുന്നു. കാർഡിനൽ ന്യൂമാൻ സംസ്കാരസമ്പന്നനായ ഒരു മനുഷ്യനെപറ്റി പറയുന്നത് ഇപ്രകാരമാണ്: "One who never inflicts pain on others" ആരേയും വേദനിപ്പിക്കാത്തവൻ. ഈശോ എല്ലാവരുടേയും അടുത്തേക്ക് ഇറങ്ങിചെന്ന് അവരുടെ പോരായ്മകളും, ബലഹീനതകളും, ആവശ്യങ്ങളും, അവശതകളും തിരിച്ചറിഞ്ഞ് അവരെ സ്വന്തമാക്കുകയായിരുന്നു. ജോസഫ് അച്ചൻ തന്റെ ഇടയശുശ്രൂഷയിലൂടെ അനേകർക്ക് മാതൃകയും പ്രചോദനവും പ്രകാശവും നൽകി. ജോസഫച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടാണ് ബഹുമാനപ്പെട്ട പോൾ കല്ലൂക്കാരൻ അച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവും, അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവും, അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവും കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ജോസഫ് നങ്ങേലിമാലിൽ അച്ചൻ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളായ സെപ്റ്റംബർ 14-ാം തീയതി സ്വർഗപിതാവിന്റെ സവിധത്തിലേക്ക് പോയകാര്യം കർദിനാൾ പിതാവ് അനുസ്മരിച്ചു. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും, ഉത്ഥാനത്തിന്റെയും ഓർമ്മ അനുസ്മരിപ്പിക്കുന്നുണ്ട്. ഈശോയുടെ അതേപാതയിൽ തന്നെയാണ് ജോസഫ് അച്ചനും സ്വർഗപ്രവേശനത്തിന് കടന്നുപോകുന്നതെന്ന് ഓർമ്മിപ്പിച്ചു. നങ്ങേലിമാലിൽ കുടുംബത്തിൽനിന്ന് തിരുസഭയ്ക്ക് ലഭിച്ച അനേകം ദൈവവിളികൾക്ക് പിതാവ് നന്ദിപറഞ്ഞു. ജോസഫ് അച്ചൻ സ്വർഗ്ഗത്തിലേക്ക് യാത്രയാകുമ്പോൾ അച്ചൻ തന്ന സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങൾ ബാക്കിയാകും. പ്രിയപ്പെട്ട ജോസഫ് നങ്ങേലിമാലിൽ അച്ചാ, അങ്ങ് നൽകിയ ലാളിത്യത്തിന്റെ ജീവിതമാതൃകയ്ക്കും, സ്നേഹത്തിനും, അടങ്ങാത്ത പ്രേഷിതതീക്ഷ്ണതയ്ക്കും മുൻമ്പിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!

■



**സി. ആന്റണിറ്റോ താനിക്കൽ ചാലിശ്ശേരി SD**

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 26-06-1928 |
| വ്രതവാഗ്ദാനം | : | 06-01-1952 |
| മരണം | : | 31-08-2022 |

# വാർത്തകളും വിശേഷങ്ങളും

## ജോൺ പോൾ ഒന്നാമൻ പാപ്പ വാഴത്തപ്പെട്ടവരുടെ ഗണത്തിൽ

33 ദിവസങ്ങൾ മാത്രം സഭാനൗകയുടെ അമരക്കാരനായിരുന്ന (1978 ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 28 വരെ) ജോൺ പോൾ ഒന്നാമൻ മാർപാപ്പയെ ഫ്രാൻസിസ് മാർപാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഇക്കഴിഞ്ഞ സെപ്റ്റംബർ 4-ാം തീയതി വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കാ അങ്കണത്തിലായിരുന്നു പ്രഖ്യാപനം. ചരിത്രത്തിലെ ഏറ്റവും ഹ്രസ്വകാല പാപ്പയാണ് വാഴത്തപ്പെട്ട ജോൺ പോൾ ഒന്നാമൻ. എല്ലാവരേയും എന്തിനെയും ചെറുപുഞ്ചിരിയോടെ സമീപിച്ച അദ്ദേഹത്തിന് 'പുഞ്ചിരിക്കുന്ന പാപ്പ' എന്ന ഓമനപ്പേരും ഉണ്ടായിരുന്നു.

## അസ്സീസി ഉടമ്പടി – ശാന്തിയുടെ ഉടമ്പടി

ഫ്രാൻസിസ് മാർപാപ്പ ഇറ്റലിയിലെ അസ്സീസിയിൽ "ഫ്രാൻസിസ്കോയുടെ സമ്പദ്ഘടന (Economy of Francesco) എന്ന ത്രിദിന കൂടിക്കാഴ്ച നടത്തി. മാർപാപ്പയും, സാമ്പത്തിക വിദഗ്ദ്ധരും, വ്യവസായ സംരംഭകരും, പരിവർത്തനത്തിന്റെ ശില്പികളുമായ യുവതയും ഒരുമിച്ചുള്ള ഒത്തുചേരലായിരുന്നു ഇത്. ഈ കൂടിക്കാഴ്ചയുടെ സമാപനദിനത്തിൽ (24/09/2022) ആണ് അസ്സീസി ഉടമ്പടി ഒപ്പു വയ്ക്കപെട്ടത്.

ആയുധങ്ങളുടെ, വിശിഷ്യാ ഏറ്റവും സംഹാരശേഷിയുള്ള ആയുങ്ങളുടെ വ്യാപനത്തെ ചെറുക്കുന്ന ഒരു സമ്പദ്ഘടനയാണ് തങ്ങൾ വിഭാവനം ചെയ്യുന്നതെന്നും, അത് യുദ്ധത്തിന്റെയല്ല മറിച്ച്, സമാധാനത്തിന്റേതാണെന്നും അവർ വിശദീകരിക്കുന്നു. ഈ സമ്പദ്ഘടന മനുഷ്യവ്യക്തിയുടെയും, കുടുംബത്തിന്റെയും, ജീവന്റെയും സേവനത്തിനുള്ളതും, സകല സ്ത്രീ പുരുഷന്മാരോടും, ആബാലവൃദ്ധം ജനങ്ങളോടും, ഏറ്റവും ദുർബലരോടും ആദരവ് പുലർത്തുന്നതുമായിരിക്കണമെന്നും ഉടമ്പടിയിൽ പറയുന്നു.

# വിശ്വാസപരിശീലനകേന്ദ്രം

**ഒന്നാം സെമസ്റ്റർ പരീക്ഷ: 2022 ഒക്ടോബർ 02 ഞായർ**

1. 2022 ഒക്ടോബർ 02 ഞായർ: വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 02 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെയാണ്.

2. ചോദ്യക്കടലാസുകൾക്ക് എണ്ണത്തിൽ കുറവോ മറ്റോ ഉണ്ടെങ്കിൽ പരീക്ഷാദിവസം (02/10/2022) രാവിലെ 10.30-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാം.

3. ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ: X, XII ക്ലാസ്സുകളിലെയും IV മുതൽ IX വരെയുള്ള ക്ലാസ്സുകളിലെയും XI-ാം ക്ലാസ്സിലെയും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ ഓൺലൈനിൽ രേഖപ്പെടുത്തേ - A h k m\ Xdb XnHI tvSm_ À 16pmwXdb \Xnb nW v(*വചനദീപം*, പേജ് 42, 62 നോക്കുക, പരീക്ഷ സംബന്ധമായ കൂടുതൽ വിവരങ്ങൾ സെപ്റ്റംബർ മാസത്തെ മിസ്സത്തിലും പരീക്ഷ നിർദ്ദേശങ്ങളിലും നൽകിയിട്ടുണ്ട്.)

## മൂല്യനിർണ്ണയം

1. IV മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (02/10/2022) ഉച്ചകഴിഞ്ഞ് 1.00 മണിക്ക് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads -ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാം.

2. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം ഫൊറോന കേന്ദ്രങ്ങളിൽ വച്ചാണ് നടക്കുക. ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. അതിനുള്ള ക്രമീകരണങ്ങൾ ഫൊറോന കൗൺസിൽ ചെയ്യുന്നതായിരിക്കും.

3. IV മുതൽ IX വരെയും XI-ാം ക്ലാസ്സിലെയും ഉത്തരക്കടലാസുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ

IV മുതൽ IX: 35-ൽ 28 ഉം, XI: 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ള ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും ഒക്ടോബർ 16-ാം തീയതിക്കകം ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഇതിൽ പള്ളിയുടെ സീലും വികാരിയച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതല്ല. ഈ ഉത്തരക്കടലാസുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക. (*വചനദീപം*, പേജ് 41-42, 82-84). XI-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. മുൻവർഷങ്ങളിലെപ്പോലെ XI, XII ക്ലാസ്സിലെ മാർക്കുകൾ കണക്കാക്കി XII-ാം ക്ലാസ്സ് പൂർത്തിയാക്കുമ്പോഴാണ് സ്കോളർഷിപ്പ് കൊടുക്കുന്നത്. അതിരൂപതാതലത്തിൽ സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് 90 ശതമാനം ഹാജർ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ ഹാജർ ശതമാനവും രേഖപ്പെടുത്തേണ്ടതാണ്.

4. മൂല്യനിർണ്ണയത്തിൽ ഉത്തരങ്ങളെപ്പറ്റിയുള്ള ആഴമായ അറിവും, കൃത്യതയും, വ്യക്തതയും, ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹമായ ഉത്തരക്കടലാസുകളിൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകൻ/അധ്യാപികയുടെ പേരും ഒപ്പും ഫോൺ നമ്പറും ഉണ്ടായിരിക്കണം. Answer key നോക്കി ഉത്തരവാദിത്വത്തോടെ മുല്യനിർണ്ണയം നടത്തുക. നീതിബോധവും, സത്യസന്ധതയും പാലിക്കണം. അതിരൂപതയിൽ മൂല്യനിർണ്ണയം നടത്തുമ്പോൾ 80 ശതമാനം മാർക്കില്ലാത്ത പേപ്പറുകൾ തിരിച്ചയക്കുന്നതാണ്. ഒക്ടോബർ 16-നു ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിനുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചോദ്യപേപ്പറിനോടൊപ്പം ഓരോ ഇടവകയ്ക്കും നൽകുന്ന ഫോമിൽതന്നെ ഒന്നാം സെമസ്റ്ററിലെ മാർക്ക് എഴുതുക. IV-ാം ക്ലാസ്സു മുതൽ തുടർച്ചയായിട്ടു വേണം ഫോമിൽ എഴുതി ചേർക്കേണ്ടത്.

## പുനഃപരീക്ഷ:

1. ഒക്ടോബർ 02 ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (Std. 4, 5, 6, 7, 8, 9) ഇടവകയിൽതന്നെ പുനഃപരീക്ഷ നടത്താവുന്നതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

2. X, XI, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ ആയതിനാൽ ഈ ക്ലാസ്സുകളിൽ 2022 ഒക്ടോബർ 02 ന് നടക്കുന്ന ഒന്നാംസെമസ്റ്റർ പരീക്ഷ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും പരീക്ഷയ്ക്ക് മിനിമം മാർക്കു (14) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ 2023 ജനുവരി 29 ന് നടക്കുന്ന രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ശേഷമായിരിക്കും. അതിരൂപതാതലത്തിലാണ് പുനഃപരീക്ഷ നടത്തുക. പുനഃപരീക്ഷയുടെ തീയതിയും സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.

**I. 2022-2023 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:**

ഒന്നാം വർഷ ഡിപ്ലോമ Ist Session: 2022 ഒക്ടോബർ 3, 4, 5 തീയതികളിൽ. 3-ാം തീയതി രാവിലെ 9.15 ന് എത്തിച്ചേരണം. 5-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ശേഷം തിരിച്ചുപോകാം.

രണ്ടാം വർഷ ഡിപ്ലോമ Ist Session: 2022 ഒക്ടോബർ 22, 23, 24 തീയതികളിൽ. 22-ാം തീയതി രാവിലെ 9.15 ന് എത്തിച്ചേരണം. 24-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ശേഷം തിരിച്ചു പോകാം.

സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം. (വിതയത്തിൽ ഹാൾ, Near Catechism Dept. Office)

പരീക്ഷ: കോഴ്സ് ആരംഭിക്കുന്ന ദിവസം അറിയിക്കുന്നതാണ്.

II. ഒക്ടോബർ മാസം 04, 05, 22, 24 തീയതികൾ അവധി ദിവസങ്ങൾ ആണല്ലൊ. സാധിക്കുമെങ്കിൽ ഈ ദിവസങ്ങളിൽ ഏതെങ്കിലും ഒരു അവധി ദിവസം IX, X, XI ക്ലാസ്സുകളിലെ കുട്ടികളെ ഇടവകതലത്തിൽ വിളിച്ചുകൂട്ടുന്നത് നല്ലതായിരിക്കും.

ലക്ഷ്യം: മൊബൈൽ, ലഹരിമരുന്ന് അഡിക്ഷൻ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

ഇപ്പോൾ വർദ്ധിച്ചുവരുന്ന മൊബൈൽ-ഇന്റർനെറ്റ് ഉപയോഗത്തിനും ലഹരിമരുന്നിനും മറ്റും കുട്ടികൾ ഇരയാകുന്നുണ്ടല്ലൊ. അതിനാൽ, ഇവയുടെ അപകടസാധ്യതകളെക്കുറിച്ചും ദൂഷിതഫലങ്ങളെക്കുറിച്ചും അറിവുപകരുന്ന ക്ലാസ്സുകൾ ക്രമീകരിക്കുന്നത് നല്ലതായിരിക്കും.

കോവിഡ് കാലത്ത് ഈ കുട്ടികൾക്ക് ലൈംഗികവിദ്യാഭ്യാസം (Enlight) നൽകാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തെക്കുറിച്ചും ഒരു ക്ലാസ്സു സംഘടിപ്പിക്കുന്നതും അഭികാമ്യമാണ്.

ഓരോ ഇടവകയിലും ചുറ്റുപാടുകളിലുമുള്ള ഡോക്ടർമാർ, സാമൂഹ്യ-ആരോഗ്യപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ഈ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ പരിശ്രമിക്കുമല്ലൊ.

(Catechismernakulam YouTube Channel ലെ `Track of Life` എന്ന Short Film കുട്ടികളെ കാണിക്കുന്നതും നല്ലതായിരിക്കും.)

III. Basic Orientation Course (BOC): വിശ്വാസപരിശീലനരംഗത്ത് പുതിയതായി ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി സെപ്റ്റംബർ മാസം 24, 25 (ശനി, ഞായർ) തീയതികളിലായി കലൂർ റിന്യൂവൽ സെന്ററിൽ BOC സംഘടിപ്പിച്ചു. 122 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു.

റവ. ഫാ. മനു SDB (ഡയറക്ടർ, ഡോൺ ബോസ്കോ യൂത്ത് സർവ്വീസ്)
- വിശ്വാസവും സാക്ഷ്യവും

റവ. സി. ഡോ. റൂബി CST (സൈക്കോളജിസ്റ്റ്)
- വിശ്വാസപരിശീലനവും മനഃശാസ്ത്രവും

ശ്രീമതി ഡോ. മാറിൻ (പ്രൊഫസർ, സെന്റ് ജോസഫ് B.Ed കോളേജ്, കച്ചേരിപ്പടി)
- വിശ്വാസപരിശീലന അധ്യാപന രീതികൾ

ശ്രീ. മാർട്ടിൻ പതപ്പള്ളി (മുൻ പ്രൊമോട്ടർ, കൊരട്ടി ഫൊറോന)
- എന്തുകൊണ്ട് വിശ്വാസപരിശീലകനായി? ഞാൻ എങ്ങനെയായിരിക്കണം? എന്റെ കാഴ്ചപ്പാടിൽ.

ശ്രീ. ടോണി മഠത്തിൽ (കാറ്റിക്കിസം ടീച്ചർ, തൃക്കാക്കര, സിനിമ തിരക്കഥാകൃത്ത്)
- ക്രിസ്തുഅനുഭവമുള്ള വിശ്വാസപരിശീലകൻ

ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ
- വിശ്വാസപരിശീലനത്തിന്റെ സ്രോതസുകളും ഉപകരണങ്ങളും

ഫാ. ജോസ് വടക്കൻ
- പാഠപുസ്തകങ്ങളെയും കുട്ടികളെയും സമീപിക്കേണ്ട രീതികൾ

ബ്രദർ ആന്റോ പാലാട്ടി (റീജന്റ്, വിശ്വാസപരിശീലനകേന്ദ്രം)
- ആനിമേഷൻ & ഷെയറിംഗ്

**IV. 2022 സെപ്റ്റംബർ മാസത്തിൽ നടന്ന പരിപാടികൾ:**

04 ഞായർ : എലൈവ് - സെന്റ് ജോസഫ് ചർച്ച്, ഇടയാഴം

10 ശനി : എൻലൈറ്റ് - സെന്റ് ജോസഫ് ചർച്ച്, കരയാംപറമ്പ്

11 ഞായർ : എലൈവ് - സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നപ്പിള്ളിശ്ശേരി

18 ഞായർ : എലൈവ് - സെന്റ് തോമസ് ചർച്ച്, നെടുമ്പ്രക്കാട്

21 ബുധൻ : എൻലൈറ്റ് - സെന്റ് ജോസഫ് ചർച്ച്, തിരുനല്ലൂർ

ഈ ഏകദിന ശില്പശാല മുകളിൽ പറഞ്ഞിരിക്കുന്ന അഞ്ച് ഇടവകകളിൽ വച്ച് നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും അവിടുത്തെ വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**V. 2022 ഒക്ടോബർ മാസത്തിൽ നടക്കുന്ന പരിപാടികൾ:**

08 ശനി : എൻലൈറ്റ് - തൃപ്പൂണിത്തുറ ഫൊറോന

09 ഞായർ : എലൈവ് - അങ്കമാലി ഫൊറോന

16 ഞായർ : എലൈവ് - പള്ളിപ്പുറം ഫൊറോന

30 ഞായർ : എലൈവ് - ഇടപ്പള്ളി ഫൊറോന

**VI. കാറ്റിക്കിസം ടീച്ചേഴ്സ് ഡേ:**

നവംബർ 04 വെള്ളി, വിശുദ്ധ ചാൾസ് ബൊറോമിയൊയുടെ തിരുനാൾ (വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥൻ) വിശ്വാസപരിശീലകരുടെ ദിനാഘോഷം നവംബർ 06 ഞായർ.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 ഒക്ടോബർ - നവംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ഒക്ടോബർ 03-05 (കലൂർ) | നവംബർ 08-10 (കാലടി) |
| ഒക്ടോബർ 11-13 (കാലടി) | നവംബർ 14-16 (കലൂർ) |
| ഒക്ടോബർ 18-20 (കലൂർ) | നവംബർ 15-17 (കാലടി) |
| ഒക്ടോബർ 25-27 (കാലടി) | നവംബർ 21-23 (കലൂർ) |
| ഒക്ടോബർ 31-02 (കലൂർ) | നവംബർ 29-01 (കാലടി) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷെൻ ധ്യാനം (Contact: 8078334522)

ഒക്ടോബർ 07 -09

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
ഒക്ടോബർ 09

### ദമ്പതി ധ്യാനം (Contact: 8078334522)

ഒക്ടോബർ 13-16

### സിംഗിൾ പാരന്റിംഗ് ധ്യാനം (Contact: 9400836249)

ഒക്ടോബർ 21-23

### പാരന്റിംഗ് ധ്യാനം (Contact: 8078334522)

ഒക്ടോബർ 28-30

**ഫാമിലി ഔവർ**

ഒക്ടോബർ 4, 11, 18, 25 – ഹോളി ഫാമിലി സിസ്റ്റേഴ്സ്
ഒക്ടോബർ 01 – യൂദിത്ത് ഫോറം
ഒക്ടോബർ 03 – എസ്.ഡി. സിസ്റ്റേഴ്സ്
ഒക്ടോബർ 15 – എം. സി. സി.

**സ്നേഹജ്വാല (പാരന്റിംഗ് സെമിനാർ)**

ഒക്ടോബർ 09 – ആലങ്ങാട്

**യൂദിത്ത് മീറ്റ്**

ഒക്ടോബർ 02 – മഞ്ഞപ്ര

**വിവാഹോത്സവ്**

ഒക്ടോബർ 01 – കിഴക്കമ്പലം, ഇടപ്പിള്ളി
ഒക്ടോബർ 08 – തൃപ്പൂണിത്തുറ, വൈക്കം
ഒക്ടോബർ 15 – പറവൂർ
ഒക്ടോബർ 22 – പള്ളിപ്പുറം, ചേർത്തല

(1972,1997 വർഷങ്ങളിൽ വിവാഹിതരായവർ)

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**സെപ്റ്റംബർ 2022**

16 ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ ബ. ജോസഫ് നങ്ങേലിമാലിൽ അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷകളുടെ അവസാനഭാഗത്ത് സംബന്ധിച്ചു.

29 ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേജർ ആർച്ചുബിഷപ്സ് ഹൗസിൽ പുതിയ വൈദികസമിതിയുടെ പ്രഥമ യോഗത്തിൽ സംബന്ധിച്ചു.

* * * * *

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### കപ്പ് ഓഫ് ലൈഫ് പദ്ധതി- സഹൃദയയ്ക്ക് അംഗീകാരം

സ്ത്രീകളുടെ ആരോഗ്യ, ശുചിത്വ പരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി ഹൈബി ഈഡൻ എം.പി. എറണാകുളം ലോക്സഭാ മണ്ഡലത്തിൽ നടപ്പാക്കുന്ന കപ്പ് ഓഫ് ലൈഫ്- മെൻസ്ട്രുവൽ കപ്പ് വിതരണ പദ്ധതിയിൽ ഏറ്റവും കൂടുതൽ പേരെ രജിസ്റ്റർ ചെയ്യിച്ചതിനും പങ്കാളികളാക്കിയതിനുമുള്ള പുരസ്കാരം സഹൃദയയ്ക്കു ലഭിച്ചു. കടവന്ത്രയിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി.യിൽ നിന്ന് സഹൃദയ ഡയറക്ടർ മെമന്റോ ഏറ്റുവാങ്ങി.

### ഹരിതചട്ടങ്ങൾ പാലിച്ച് സഹൃദയ ഓണാഘോഷം

സഹൃദയയുടെ നേതൃത്വത്തിലുള്ള സ്വയം സഹായസംഘങ്ങളിലെ ആനിമേറ്റർമാർക്കായി പൊന്നുരുന്നി സഹൃദയ ഹാളിൽ സംഘടിപ്പിച്ച ഓണാഘോഷം ഉമാ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കൾ എന്നിവ പൂർണമായും ഒഴിവാക്കി ഹരിതചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് മുന്നൂറോളം ആനി മേറ്റർമാരെ പങ്കെടുപ്പിച്ചുകൊണ്ട് സഹൃദയ ഓണം ആഘോഷിച്ചത്. ഓണസംഗമത്തിൽ അതിരൂപത വികാരി ജനറാൾ ഫാ. വർഗീസ് പൊട്ടയ്ക്കൽ അധ്യക്ഷനായിരുന്നു.

### സഹൃദയ സിൽക്ക് കേന്ദ്ര ലോഗോ പ്രകാശനം ചെയ്തു

സഹൃദയയുടെ നേതൃത്വത്തിൽ അങ്കമാലി ചമ്പന്നൂരിൽ പ്രവർത്തി ക്കുന്ന സഹൃദയ സിൽക്ക് കേന്ദ്രയുടെ ലോഗോ സിനിമാതാരം അന്ന ബെൻ പ്രകാശനം ചെയ്തു. പൊന്നുരുന്നി സഹൃദയ ഹാളിൽ സംഘടി പ്പിച്ച സമ്മേളനത്തിൽ അതിരൂപത വികാരി ജനറാൾ ഫാ. വർഗീസ് പൊട്ടയ്ക്കൽ അധ്യക്ഷനായിരുന്നു. സ്വയം തൊഴിൽ പ്രോത്സാഹന സംരംഭമെന്ന നിലയിൽ മൂന്നു പതിറ്റാണ്ടു മുമ്പ് സഹൃദയ തുടക്കമിട്ട സിൽക്ക് കേന്ദ്രയിൽ വിവിധ തരത്തിലുള്ള പരിശുദ്ധമായ സിൽക്ക് വസ്ത്രങ്ങൾ ഉത്പാദിപ്പിക്കുന്നു.

## സഹൃദയ ഹെൽത്ത് ആൻഡ് കെയർ വെബ് സൈറ്റ് പ്രകാശനം ചെയ്തു

നാടൻ ഭക്ഷ്യവിഭവങ്ങൾ, ധാന്യപ്പൊടികൾ, കറിപ്പൊടികൾ, ക്ളീനിംഗ് വസ്തുക്കൾ തുടങ്ങിയവ വിപണനം ചെയ്യുന്നതിന് സഹൃദയ ഹെൽത്ത് ആൻഡ് കെയർ വെബ് സൈറ്റ് പ്രവർത്തനം ആരംഭിച്ചു. സൈറ്റിന്റെ പ്രകാശനകർമ്മം ഉമാ തോമസ് എം.എൽ.എ നിർവഹിച്ചു.

## സ്വയം തൊഴിൽ വായ്പ

സഹൃദയ സ്വയം സഹായ സംഘങ്ങൾക്കായി സി.എസ്. ബി. ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിക്കുള്ള അഞ്ച് കോടി രൂപയുടെ വായ്പയ്ക്കുള്ള ചെക്ക് സി.എസ്. ബി. ബാങ്ക് റീജിയണൽ മാനേജർ ജോബിൻസ് ചിറയ്ക്കൽ സഹൃദയ ഡയറക്ടർക്ക് കൈമാറി.

## ഫൊറോനാതല ഓണാഘോഷം

സഹൃദയയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സഹൃദയ സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഫൊറോനതല ഓണാഘോഷം 17 മേഖലകളിൽ സംഘടിപ്പിച്ചു. കാർഷിക ഉത്പന്നങ്ങളും ഭക്ഷ്യ ഉത്പന്നങ്ങളും സംഘങ്ങൾ തയ്യാറാക്കിയ നാടൻ വിഭവങ്ങളും ഉൾപ്പെടുത്തി സംഘടിപ്പിച്ച ഓണം മേള, വിവിധ വില്ലേജുകളിൽ നിന്നുള്ള സഹൃദയ സംഘാംഗങ്ങൾ പങ്കെടുത്ത ഓണസംഗമം, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്കുള്ള സഹൃദയ സ്കോളർഷിപ്പുകളുടെ വിതരണം എന്നിവയും നടത്തി.

## ഇൻക്ലൂസിസ് പരിശീലന പദ്ധതിക്ക് തുടക്കമായി

പ്ലസ് ടു യോഗ്യതയും കമ്പ്യൂട്ടർ ജോലികളിൽ താത്പര്യവുമുള്ള ഓട്ടിസം, സെറിബ്രൽ പാൾസി, പഠനവൈകല്യം, ഡൗൺ സിൻഡ്രോം തുടങ്ങി ന്യുറോ ഡൈവർജന്റ് ആയ കുട്ടികൾക്ക് വിവര സാങ്കേതിക മേഖലയിൽ പ്രത്യേക പരിശീലനം നൽകി ജോലി ഉറപ്പു നൽകുന്നതിനായി സഹൃദയ നടപ്പാക്കുന്ന ഇൻക്ലൂസിസ് പരിശീലന പദ്ധതി രണ്ടാം ഘട്ടത്തിന് തുടക്കമായി. തുറവൂർ സാൻജോ സ്കുൾ, കിടങ്ങുർ അൽഫോൻസാ സദൻ, തൃപ്പൂണിത്തുറ ആദർശ്, കൂനമ്മാവ് ചാവറ എന്നീ സ്പെഷ്യൽ സ്കൂളുകളിലാണ് ഇൻക്ലൂസിസ് പരിശീലന പദ്ധതി രണ്ടാം ഘട്ടം നടപ്പാക്കുന്നത്.

കിടങ്ങുർ അൽഫോൻസാ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ച ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയ രണ്ടുപേർക്ക് ഫെഡ് സെർവ് ഇൻഫോപാർക്കിലും, ഒരാൾക്ക് കെൽട്രോൺ വഴി ജില്ലാ ട്രഷറിയിലും ജോലി ലഭിച്ചു കഴിഞ്ഞു. കേരള സാക്ഷരതാ മിഷന്റെ ഡാറ്റ എൻട്രി, കേരള നോളഡ്ജ് മിഷന്റെ ഡാറ്റ ട്രാൻസ്ക്രിപ്ഷൻ ജോലികൾ എന്നിവയും ഏറ്റെടുത്തു വിജയകരമായി പൂർത്തിയാക്കാനും കഴിഞ്ഞു..

**കെ.എൽ.എം. ബോധവത്കരണ സെമിനാർ**

സഹൃദയ, കേരള ലേബർ മൂവ്മെന്റിന്റെ സഹകരണത്തോടെ അസംഘടിത തൊഴിലാളികൾക്കും ഭിന്നശേഷിക്കാർക്കും ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ സെമിനാര് പൊന്നുരുന്നി സഹൃദയ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു.

**പ്രോസ്തെറ്റിക്ക് കൈ സൗജന്യമായി നൽകുന്നു**

കൊച്ചി മിഡ് ടൗൺ റോട്ടറി ക്ലബും എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയയും ചേർന്ന് കൈമുട്ടിനു താഴെ മുറിഞ്ഞുപോയവർക്ക് സൗജന്യമായി പ്രോസ്തെറ്റിക്ക് കൈ വച്ചുപിടിപ്പിച്ചുനൽകുന്നു. ഒക്ടോബർ 9-ന് വൈറ്റില മെട്രോ സ്റ്റേഷനിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ബയോഗ്യാസ് പ്ലാന്റ്**

കൊച്ചി റോട്ടറി ഇന്നർവീൽ ക്ലബിന്റെ സഹകരണത്തോടെ സഹൃദയ എറണാകുളം കാരിക്കാമുറി സെന്റ് ജോസഫ്സ് സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചുനൽകി.

**സഹൃദയ ഫെസ്റ്റ്**

അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് കൂടുതലായി അവബോധം പകരുന്നതിനും സാമൂഹ്യപ്രതിബദ്ധത വളർത്തി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സുസ്ഥിരവും ആരോഗ്യപ്രദവുമായ ജീവിതശൈലികളെക്കുറിച്ച് അറിവ് നൽകുതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന സഹൃദയ ഫെസ്റ്റ് തൃക്കാക്കര ലിറ്റിൽ ഫ്ളവർ, വൈറ്റില, പെരുമാനൂർ, കടവന്ത്ര, കാക്കനാട്, ചക്കരപ്പറമ്പ്

ഇടവകകളിൽ സംഘടിപ്പിച്ചു. ആരോഗ്യ ക്യാമ്പ്, കാർഷിക, പരിസ്ഥിതി പ്രദര്ശനം, നാടൻ വിഭവങ്ങളുടെ മേള തുടങ്ങിയവ ഫെസ്റ്റിന്റെ ഭാഗമായിരുന്നു. സഹൃദയ ഫെസ്റ്റ് സംഘടിപ്പിക്കാൻ താത്പര്യമുള്ള ഇടവകകൾ സഹൃദയ ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

## സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി

### ബഹു. വൈദികർക്ക് ഇൻഷുറൻസ് സൗകര്യം

അതിരൂപതാവൈദികർക്ക് എല്ലാവർക്കും അതിരൂപതാ തലത്തിൽ ചികിത്സാ ഇൻഷുറൻസ് ലഭ്യമാക്കിയിട്ടുണ്ട്. അതിരൂപതാ സ്ഥാപനമായ പൊന്നുരുന്നി സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയിലെ ആയുർവേദ ചികിത്സകൾക്ക് ഈ ഇൻഷുറൻസിന്റെ കവറേജ് ലഭിക്കുന്നതാണ്. ചികിത്സ ആവശ്യമുള്ള വൈദികർ ബന്ധപ്പെടുക. ഫോൺ: 9496573926

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| സെപ്റ്റം. 17 | 1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ട്രസ്റ്റ്<br>2. എറണാകുളം ആർച്ച്ഡയോസിഷൻ പബ്ലിക്കേഷൻ ട്രസ്റ്റ് |
| സെപ്റ്റം. 22 | എറണാകുളം ആർച്ച്ഡയോസിഷൻ സോഷ്യൽ & ചാരിറ്റബിൾ ട്രസ്റ്റ് |
| സെപ്റ്റം. 23 | 1. നൈപുണ്യ ഇന്റർനാഷണൽ<br>2. സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്<br>3. മാതാ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്<br>4. വെൽഫെയർ സെന്റർ, വൈക്കം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഓഗസ്റ്റ് 29 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഓഗസ്റ്റ് 30 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| സെപ്റ്റം. 05 | സെന്റ് മൈക്കിൾസ് പബ്ലിക് സ്കൂൾ, തിരുമറയൂർ |
| സെപ്റ്റം. 06 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| സെപ്റ്റം. 14 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| സെപ്റ്റം. 15 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര &<br>ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| സെപ്റ്റം. 20 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| സെപ്റ്റം. 21 | സൈറ്റ് വിസിറ്റ് പെരുമാനൂർ |
| സെപ്റ്റം. 22 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# നൈപുണ്യ ഇന്റർനാഷണൽ

Corporate Office, Broadway, Ernakulam Kochi 682031.
9446339966, 0484-2381947

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Australia, New Zealand and other exciting countries.
- January 2023 intake is open.... Start your IELTS preparation immediately.
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചി ലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. സമയം: വൈകിട്ട് 6.00 മുതൽ 7.00 വരെ (ഓൺലൈൻ), ശനിയാഴ്ച - രാവിലെ 10.00 മുതൽ 12.00 വരെ (ഓഫ് ലൈൻ).

  പുതിയ ബാച്ച് ഒക്ടോബർ 10-ന് ആരംഭിക്കുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **ഒക്ടോബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് ഓഫ് ലൈൻ ബാച്ചുകൾ (A1, A2)
2. സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1 & A2)
3. ഫ്രഞ്ച് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1)
4. ജർമ്മൻ കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1, A2 & B1)
5. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചുകൾ (2022-2023)

6. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ ആരംഭിച്ചു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (OCEOBER)**

- UGC NET PAPER I & II (English & Commerce - Online and Offline
- BANK - SBI-PO, IBPS -Offline (new admission all Mondays)
- SSC (CGL -Special Batch) -Offline (new admission all Mondays)
- PSC -Offline (new admission all Mondays)
- IELTS -Regular, Online & Offline (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കി വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**



ധന്യൻ വർഗീസ് പയ്യപ്പിള്ളി അച്ചൻ
അനുസ്മരണ ദിനം
ഒക്ടോബർ 5

RNI No. 3421/57
Date of Publication: 01-10-2022
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



## വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ
## (ഫാ. അഗസ്റ്റിൻ തേവർപറമ്പിൽ)

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese